**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **19-09-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിലായി എത്ര കിലോമീറ്റർ റോഡുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരത്ത് വിഭാഗം 6144.703 കി.മീ. റോഡുകൾ നവീകരിച്ചിട്ടുണ്ട് (BM & BC upgradtion). കൂടാതെ കെ.ആർ.എഫ്.ബി smartcity പദ്ധതിയിൽ- 19.849 Km, PMU-KRFB -812.08 Km, OPBRC - 45.812 Km, ദേശീയപാത- 613.675 Km, KSTP- 552.385 Km എന്നിങ്ങനെയും നവീകരിച്ചിട്ടുണ്ട്. |
| (ബി) | ആയതിൽ പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എത്ര കിലോമീറ്റർ റോഡുകൾ നവീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | (ബി) | നിരത്ത് വിഭാഗത്തിന്റെ 6144.703 കി.മീ നവീകരിച്ച റോഡുകളിൽ, 322.703 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽപെട്ടവയല്ല. കൂടാതെ ദേശീയപാതാവിഭാഗം പൊതുമരാമത്ത് വകുപ്പിന്റെതല്ലാത്ത 11.94 Km നവീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നവീകരണത്തിന് എല്ലാ വിംഗുകളിലുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നവീകരണത്തിന് വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു |
| (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പകുതി റോഡുകൾ ബി. എം. & ബി. സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന പ്രഖ്യാപനം എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പകുതി റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഏകദേശം 60% റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ദേശീയപാതകളെല്ലാം തന്നെ ബി.എം. & ബി.സി നിലവാരത്തിലുള്ളവയാണ്. |
| (ഇ) | എത്ര കിലോമീറ്റർ റോഡുകൾ ഇതിനകം ബി. എം. & ബി. സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഇ) | 17,749.11 കി.മീ. റോഡുകൾ നാളിതുവരെ ബി.എം. & ബി.സി. നിലവാരത്തിലേക്ക് മാറ്റിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കിയ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 42.069 കി.മീ , സ്മാർട്ട് സിറ്റി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി 19.849 കി.മീ, കോഴിക്കോട് നഗരപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 22.251 കി.മീ, കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു മുഖേന 812.08 കി.മീ, KSTP-863.358 കി.മീ, RBDCK- 2 .78 കി.മീ വീതം റോഡുകൾ ഇതിനോടകം ബി.എം. & ബി.സി. നിലവാരത്തിലേക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൻ കീഴിൽ State fund/CRIF പദ്ധതിയിൽ ഉൾപ്പെടുത്തി 613.675 കി.മീ. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1 നിരത്തുകൾ വിഭാഗം

| Sl no | Scheme | Head of Account | Budget Allocation in Crores | | | | |
|---|---|---|---|---|---|---|---|
| | | | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
| 1 | State Highways – Development and Improvements. | 5054-03-337-98-00-16-00-P-V | 44.65 | 60.1318 | 61.7793 | 61.7792 | 71.6639 |
| 2 | Major District Roads – Developments and Improvements | 5054-04-337-99-00-16-00-P-V | 47.4382 | 51.4827 | 237.4547 | 237.4547 | 254.5305 |
| 3 | Other District Road ( D&I) | 5054-04-337-97 | 0 | 0.0000 | 0.0000 | 0 | 0 |
| 4 | Improvements of Road in the Cities of Trivandrum, Cochin & Calicut | 5054-04-337-91-00-16-00-P-V | 2.0593 | 0.0082 | 4.1186 | 4.1186 | 3.2949 |
| 5 | Sabarimala Road Project | 5054-04-337-89-00-16-00-P-V | 14.4975 | 14.8270 | 12.8253 | 12.8254 | 12.8254 |
| 6 | Road safety works | 3054-80-800-95-17-PV | 7.8254 | 8.6573 | 10.5100 | 10.5100 | 15.0000 |
| 7 | NABARD (Roads ) | 5054-04-337-94-16 PV | 131.3097 | 164.7447 | 164.7447 | 152.3888 | 135.9143 |
| 8 | Renewals of Communications(Non plan ) | 3054-03-337-98 | 120.0000 | 185.1525 | 185.1525 | 185.1525 | 185.1525 |
| 9 | Sabarimala Works (Non plan) | 3054-03-337-93-00-00-00-N-V | 60.00 | 92.5762 | 92.5762 | 30 | 30 |
| | Total | | **427.78** | **577.5804** | **769.1613** | **694.2292** | **708.3815** |
| | Grand Total | | **3177.1283** | | | | |

## II. കെ.ആർ.എഫ്.ബി

1) കൊല്ലം നഗര പാത വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 8.431 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 435,65,03,647/- രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് 365.34 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്.

2) കണ്ണൂർ നഗരപാത വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 401.467 കോടി രൂപയുള്ള ഡി.പി.ആർ. അനുമതിയും നിർമ്മാണത്തിന് 337.648 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

3) കോഴിക്കോട് നഗരപാത വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 720.398 കോടി രൂപയും നിർമ്മാണ ചെലവിനായി 592.281 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി. - പി.എം.യു. -വിന്റെ നിർവ്വഹണ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിൽ കിഫ്ബിയിൽ നിന്നും നാളിതുവരെ 24,703.4 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

## III. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (RKI) ഭാഗമായി കെ.എസ്.റ്റി.പി.-യ്ക്ക് അനുവദിച്ച തുക

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി തുക |
|---|---|---|
| 1 | തലശ്ശേരി റോഡുകളുടെ പുനരുദ്ധാരണവും നവീകരണവും - തലശ്ശേരി വളവുപാറ റോഡിൽ നിന്ന് തലശ്ശേരി ബസ് ടെർമിനലുകൾ വരെ (ലോഗൻസ് റോഡ്, മണവാട്ടി ജംഗ്ഷൻ മുതൽ ക്ലോക്ക് ടവർ റോഡ്) | 7.09 കോടി |
| 2 | മാന്നാനം പാലത്തിന്റെ നിർമ്മാണം | 24 .83 കോടി |
| 3 | പടിഞ്ഞാറെത്തറ മുതൽ നാലാം മൈൽ റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 93 .01 കോടി |
| 4 | പെരുമ്പിലാവ് - പട്ടാമ്പി റോഡിന്റെ (SH-39) ഭാഗമായ ചാലിശ്ശേരി താനത്തറ പാലം മുതൽ പട്ടാമ്പി പാലം വരെയുള്ള നവീകരണം | 63 .975 കോടി |
| 5 | വീയപുരം - എടത്വ റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 132 .48 കോടി |
| 6 | തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 206 .91 കോടി |

| | | |
|---|---|---|
| 7 | വടയാർ ചന്ദപ്പാലം റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 96 .47 കോടി |
| 8 | കുമരകം - നെടുമ്പാശ്ശേരി റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 120 .32 കോടി |
| 9 | തിരുവനന്തപുരം - പൊന്മുടി റോഡിന്റെ പുനരുദ്ധാരണവും നവീകരണവും | 172 .22 കോടി |
| | **മൊത്തം തുക** | **917.305 കോടി** |

## IV. ദേശീയപാത വിഭാഗം

റോഡ് നവീകരണത്തിന് 711.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**